**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല - ഉപ്പുതറ ഗ്രാമപഞ്ചായത്ത് - ഇഞ്ചിമല കുടിവെള്ള പദ്ധതി - ശ്രീമതി.ഇ.എസ്.ബിജിമോൾ എം.എൽ.എ യുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.)നം. 314/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 02/02/2018

---

പരാമർശം:-
1. ശ്രീമതി.ഇ.എസ്.ബിജിമോൾ എം.എൽ. എ യുടെ 27/02/2017 ലെ കത്ത്.
2. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ചീഫ് ടെക്നിക്കൽ ഓഫീസറുടെ 22.05.2017 ലെ ടെക്/1352/15/കെസ്നിക് നമ്പർ കത്ത്.
3. ധനകാര്യ വകുപ്പിന്റെ 1121/NC-B3/17/ Fin നമ്പർ ഫയൽ.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ ഇഞ്ചിമല കുടിവെള്ള പദ്ധതിക്ക് എം.എൽ.എ യുടെ നിയോജകമണ്ഡലം ആസ്തിവികസനഫണ്ടിൽ നിന്നും 30 ലക്ഷംരൂപ അനുവദിക്കണമെന്ന് ശ്രീമതി.ഇ.എസ്.ബിജിമോൾ എം.എൽഎ പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയും, ടി പദ്ധതിക്കുവേണ്ടി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ചീഫ് ടെക്നിക്കൽ ഓഫീസർ പരാമർശം (2) പ്രകാരം 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ ഇഞ്ചിമല കുടിവെള്ള പദ്ധതി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം വഴി ഒരു അടങ്കൽ പണിയായി നടപ്പിലാക്കുന്നതിന്, പീരുമേട് നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീമതി.ഇ.എസ്.ബിജിമോൾ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും 30 ലക്ഷം രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും 11.06.2012 ലെ സ.ഉ.(അച്ചടി)നം.332/2012/ധന സർക്കാർ ഉത്തരവും പാലിച്ചു കൊണ്ട് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ഇത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി - എ.ഡി.എസ്(NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, ഉപ്പുതറ ഗ്രാമപഞ്ചായത്ത്
ചീഫ് ടെക്നിക്കൽ ഓഫീസർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം - 38
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ/എൽ.ബി.എ.&എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ